**കന്നുകാലി വളർത്തലുമായി ബന്ധപ്പെട്ട കേന്ദ്ര ഫണ്ട്**

153 (6408) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കന്നുകാലി വളർത്തൽ ദേശീയ പദ്ധതി അനുസരിച്ച് 2014-15 മുതൽ 2017-18 വരെ സംസ്ഥാന സർക്കാരിന് വിഹിതമായി എത്ര ഫണ്ടാണ് കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമായത്;

(ബി) രാഷ്ട്രീയ പശുധാൻ വികാസ് യോജന പദ്ധതി പ്രകാരം 2014-15 മുതൽ 2016-17 വരെ കേരളത്തിന് എത്ര രൂപ ലഭിച്ചു; ക്ഷീര വികസനത്തിനുള്ള ദേശീയ പരിപാടിയുടെ ഭാഗമായി കേരളത്തിന് 2014-15 മുതൽ 2017-18 വരെ എത്ര രൂപ ലഭിച്ചു; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) നാഷണൽ ലൈവ്സ്റ്റോക്ക് മിഷൻ പദ്ധതിയിൽ 2014-15 മുതൽ 2017-18 വരെ 229. 74 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്.

(ബി) രാഷ്ട്രീയ പശുധൻ വികാസ് യോജന പദ്ധതി പ്രകാരം 2014-15 മുതൽ 2016-17 വരെ കേരളത്തിന് 2199.68 ലക്ഷം രൂപ ലഭിച്ചു. ക്ഷീര വികസനത്തിനുള്ള ദേശീയ പരിപാടിയുടെ ഭാഗമായി കേരളത്തിന് 2014-15 മുതൽ 2017-18 വരെ തുകയൊന്നും ലഭിച്ചിട്ടില്ല.

**മൃഗസംരക്ഷണ വകുപ്പിന്റെ ഡക്ക് ഫാം പ്രോജക്ട്**

154 (6409) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹരിപ്പാട് നിയോജക മണ്ഡലത്തിൽ പള്ളിപ്പാട് പഞ്ചായത്തിൽ മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ ആരംഭിക്കാൻ ഉദ്ദേശിച്ചിരുന്ന ഡക്ക് ഫാം പ്രോജക്ടിന്റെ നിലവിലെ അവസ്ഥ എന്താണെന്ന് അറിയിക്കാമോ;

(ബി) ഇതിനായി എന്തെങ്കിലും പ്രവർത്തനങ്ങൾ മുമ്പ് നടത്തിയിരുന്നോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(സി) പ്രസ്തുത പ്രോജക്ട് സമയബന്ധിതമായി നടപ്പാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) കുട്ടനാട് മേഖലയിൽ താറാവ് വളർത്തൽ പുനരുജ്ജീവിപ്പിക്കുന്നതിനായി തയ്യാറാക്കിയ കർമ്മ പദ്ധതിയിൽ ഉൾപ്പെട്ടതായിരുന്നു പള്ളിപ്പാട് ഗ്രാമപഞ്ചായത്തിൽ ഡക്ക് ഫാം സ്ഥാപിക്കുക എന്ന പദ്ധതി. പ്രസ്തുത പദ്ധതിക്കുവേണ്ട ഫണ്ടും സ്ഥലവും ഇനിയും ലഭ്യമായിട്ടില്ല.

**മൃഗാരോഗ്യ സംരക്ഷണം**

155 (6410) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൃഗാരോഗ്യ സംരക്ഷണം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി രോഗ ചികിത്സക്കും രോഗനിർണ്ണയ ഉപാധികളുടെ ഉല്പാദനത്തിനും തെരഞ്ഞെടുക്കപ്പെട്ട റഫറൽ കേന്ദ്രങ്ങളിൽ 24x7 മൃഗസംരക്ഷണ സേവനങ്ങൾ ലഭ്യമാക്കുവാൻ കഴിഞ്ഞിട്ടുണ്ടോ;

(ബി) കാലിത്തീറ്റയുടെ ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനും സഹകരണ മേഖലയിലെ സംഭരണവും വിതരണവും യന്ത്രവൽക്കരിക്കുന്നതിനും നടത്തിയ ശ്രമങ്ങൾ എന്തൊക്കെയാണ്;

(സി) വേനൽ കടുത്തതോടുകൂടി തീറ്റപ്പുല്ലിന്റെ ലഭ്യത കുറഞ്ഞത് പാലുല്പാദനത്തെ ദോഷകരമായി ബാധിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ മിൽമയുടെ കാലിത്തീറ്റയ്ക്ക് കൂടുതൽ സബ്സിഡി നൽകി ക്ഷീരകർഷകരെ സഹായിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മൃഗാരോഗ്യ സംരക്ഷണം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 2017-18-ൽ രാത്രികാല അടിയന്തര വെറ്ററിനറി സേവനത്തിനുള്ള ബഡ്ജറ്റ് വിഹിതം നിലവിലുള്ള 5.41 കോടി രൂപയിൽ നിന്നും 6.12 കോടി രൂപയായി വർദ്ധിപ്പിച്ചു. ഇതോടെ രാത്രികാല അടിയന്തര വെറ്ററിനറി സേവനം ലഭ്യമാകുന്ന ബ്ലോക്കുകളുടെ എണ്ണം 65-ൽ നിന്നും 85 ആയി വർദ്ധിച്ചു. 2018-19-ൽ ഇത് 20 ബ്ലോക്കുകളിൽ കൂടി വ്യാപിപ്പിക്കുവാനും ആകെ 105 ബ്ലോക്കുകളിൽ സേവനം ലഭ്യമാക്കുവാനും ഉദ്ദേശിക്കുന്നു. രോഗനിർണ്ണയ ഉപാധികളുടെ ഉൽപ്പാദനം മൃഗസംരക്ഷണ വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അനിമൽ ഹെൽത്ത് ആൻഡ് വെറ്ററിനറി ബയോളജിക്കൽസ്, പാലോട്; ചീഫ് ഡിസീസ് ഇൻവെസ്റ്റിഗേഷൻ ഓഫീസ്, പാലോട് എന്നീ സ്ഥാപനങ്ങൾ നടത്തുന്നുണ്ട്. എന്നാൽ രോഗനിർണ്ണയ സൗകര്യം വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിൽ നിലവിൽ ഓഫീസ് സമയത്തുമാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ.